**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **30-06-2022 - ൽ മറുപടിയ്ക്ക്**

**പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വകുപ്പിന് കീഴിൽ തിരുവനന്തപുരം പൂച്ചെടിവിളയിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതുമൂലം പട്ടികജാതി വിഭാഗത്തിലുള്ള പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br>**വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പൂച്ചെടിവിള പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ നിലവിൽ അനുവദനീയമായ കുട്ടികളുടെ എണ്ണം 338 ആണ്. ജില്ലയിൽ നിരവധി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളതിനാൽ അനുവദനീയമായ എണ്ണത്തേക്കാൾ കൂടുതൽ അപേക്ഷകൾ ലഭ്യമാകുന്നുണ്ട്.** |
| (ബി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ പെൺകുട്ടികൾക്കായി പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ